**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1288** **08-12-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോന്നിന്റേയും നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | നിരത്തു വിഭാഗത്തിനു കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.<br><br>പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ ആലത്തൂർ മണ്ഡലത്തിൽ പുന്നപ്പാടം പുഴക്ക് കുറുകെ പുന്നപ്പാടം (മമ്പാട്) കോസ് വേ യുടെ പുനർനിർമ്മാണമാണ് നിലവിൽ നടന്നുവരുന്നത്. നിലവിൽ ഉണ്ടായിരുന്ന പാലം പൊളിച്ചു മാറ്റുകയും പുതിയ പാലത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പാർശ്വഭിത്തി നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു.<br><br>ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി KRFB-PMU മുഖേന പുരോഗമിക്കുന്ന പ്രവൃത്തികൾ:<br><br>1) കണ്ണാടി പന്നിക്കോട് റോഡ്- കണ്ണാടി പന്നിക്കോട് റോഡിന് 01/11/2016 തീയതിയിലെ GO(Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 50 ലക്ഷം രൂപ സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 24.09 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിനായി 01/01/2022 തീയതിയിലെ GO(Rt) No. 114/2022/RD ഉത്തരവ് പ്രകാരം റവന്യൂ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. 8/3/2022 തീയതിയിൽ 6(1) പ്രസിദ്ധീകരിച്ചു. 26/3/2022 തീയതിയിലെ ഉത്തരവ് പ്രകാരം 27.01 ലക്ഷം രൂപയ്ക്ക് ടോപോഗ്രാഫിക് സർവ്വേ നടത്തുന്നതിനും, അതിർത്തികല്ലുകൾ സ്ഥാപിക്കുന്നതിനുമുള്ള സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.<br><br>2) ചുള്ളിമാട് പാലം- ചുള്ളിമാട് പാലത്തിന് 31.10.2016 തീയതിയിലെ GO(Rt) No. |

| | | | |
|---|---|---|---|
| | | | 1496/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് 9.78 കോടി രൂപയ്ക്ക കിഫ്ബിയുടെ സാമ്പത്തിക അനുമതിയും തുടർന്ന് 9.78 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. 9.45 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചവരുന്നു. പ്രസ്തുത പ്രവർത്തി നിലവിൽ 60% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ആലത്തൂർ മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | ആലത്തൂർ മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ കെട്ടിട വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തിയാണ് ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം. ആയതിന്റെ ഡ്രോയിംഗ്സ് അംഗീകാര പ്രവൃത്തികൾ നടന്നു വരുന്നു.<br><br>നിരത്തു, പാലം വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ആലത്തൂർ - നിരത്തു വിഭാഗം

| Sl.No | Name of Project | Estimate Amount | Present Status of works |
|---|---|---|---|
| 1 | Improvements and Providing BM and BC to Anakkappara Mudappallur Road km 0/00 - 4/000 | 500.00 Lakh | Concrete works completed. GSB & WMM in progress , & Tarring works yet to commence |
| 2 | Providing BCPatch/BT Patch/Strip BT/Strip BC between Km 3/800 to 5/100 and road concrete works at Km 3/000 to 3/900 of Alathur Bazar Road. | 40 Lakh | Concrete work completed |
| 3 | SLTF 2019-2020 - V- Improvements to Kundukad Moolamkode road km 0/00 to 2/700 | 100 Lakh | Concrete work,GSB &WMM completed |
| 4 | Improvements to Kunissery Bye pass road Km 0/000 - 2/300 | 300 Lakh | concrete works completed. |
| 5 | GENERAL- RM 2022-23/Cluster II / One Year RC/Alathur/Palakkad-RM 2022-23- Zone - III -One Year Running Contract for various PWD Roads under Roads section Alathur in Palakkad district 4 road stretches for a length of 38.117 km | 30.25 L | Permanent Patch Work Completed |
| 6 | RM 2022-23/cluster II/one year RC Alathur/Palakkad Zone 1 -One year running contract for various PWD Roads under Roads section Alathur in Palakkad district 7 road stretches for a length of 40.332km | 57 L | Permanent Patch Work Completed |
| 7 | PWD/RB/FL/7386/2022 ] GENERAL-RM 2022-23/Cluster II/ One Year RC/ Kuzhalmannam/ Palakkad-RM 2022-23-Zone II-One Year Running Contract for various PWD Roads under Road section kuzhalmannam in Palakkad District 6 road streches for a length of 32.42 km | 40 Lakh | Permanent Patch Work Completed |

അനുബന്ധം- 2 നിരത്തു വിഭാഗം

1. PWD/RB/FL/259/2020 – Mangalam Dam Veetikalkadavu Km 0/000 to 1/700 – Improvements and providing BM & BC –എസ്റ്റിമേറ്റ് തുക – 210 ലക്ഷം

2. PWD/RB/FL/91012/2021 – SLTF-RP to Mampad Poovathingalatty road Km 3/000 to 6/200 – Improvements and reconstruction of culvert and providing g Drainage facilities to Mampad Poovathingalatty road Km 3/000 to 6/200 – എസ്റ്റിമേറ്റ് തുക – 80 ലക്ഷം

3. PWD/RB/EST/103207/2021_5_1_1 – GENERAL – MUDAPALLUR MANGALAMDAM ROAD KM 0/000 TO 9/432 – Providing DBM and BC works to Mudapallur Mangalamdam road Km 0/000 to 9/432 – General Civil works - എസ്റ്റിമേറ്റ് തുക – 800 ലക്ഷം.

അനുബന്ധം - 2

# പാലം വിഭാഗം

| ക്രമ നമ്പർ | പ്രവൃത്തി | പ്രൈസ് ഐഡി | റിമാർക്ക്സ് |
|---|---|---|---|
| 1 | വെങ്ങനിയൂർ പാലം നിർമ്മാണം | | സ്ഥല ലഭ്യത അനുസരിച്ച് മാറ്റം വരുത്തേണ്ട റിവൈസ്ഡ് ജി.എ.ഡി അവസാനഘട്ടത്തിലാണ്. ആയത് ലഭ്യമാകുന്ന മുറക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. |
| 2 | ചിനമ്പുഴ പാലം | | സ്ഥല ലഭ്യത അനുസരിച്ച് മാറ്റം വരുത്തേണ്ട റിവൈസ്ഡ് ജി.എ.ഡി അവസാന ഘട്ടത്തിലാണ്. ആയത് ലഭ്യമാകുന്ന മുറക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. |
| 3 | മംഗലം ചപ്പാത്ത് പാലം | PWD/BR/EST/11741/2022 | റിപ്പയർ പ്രവർത്തികൾ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സർക്കാരിലേക്ക് 27.092022 തിയതിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും കത്ത് നമ്പർ PWD-D1/438/2022-PWD തിയതി 03.11.2022 പ്രകാരം ടി പ്രവൃത്തി defer ചെയ്തതായി സർക്കാരിൽ നിന്നും അറിയിച്ചിട്ടുണ്ട്. |